**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4845** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ഉത്തരവാദിത്വ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ഉത്തരവാദിത്വ ടൂറിസം മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രവർത്തനങ്ങൾ ആലപ്പുഴ മണ്ഡലത്തിലും നടന്നു വരുന്നുണ്ട്. ആലപ്പുഴ മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ 165 യൂണിറ്റുകളാണ് ഉള്ളത്. ഓരോ വിഭാഗത്തിലും ഉള്ള യൂണിറ്റുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.<br><br>കലാകാരന്മാരുടെ യൂണിറ്റുകൾ -34 എണ്ണം<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ -23 എണ്ണം<br><br>തുണി സഞ്ചി യൂണിറ്റുകൾ - 3 എണ്ണം<br><br>പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ - 2 എണ്ണം<br><br>വിവിധ സേവനദാതാക്കൾ- 25 എണ്ണം<br><br>തയ്യൽ, ചിത്രത്തുന്നൽ യൂണിറ്റുകൾ - 6 എണ്ണം<br><br>കാർഷിക പ്രവർത്തന യൂണിറ്റുകൾ - 2 എണ്ണം<br><br>മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ - 3 എണ്ണം<br><br>ഹോംസ്റ്റേകൾ- 5 എണ്ണം<br><br>ഡ്രൈവർമാർ- 23 എണ്ണം<br><br>എത്തിക് ക്യുസീൻ യൂണിറ്റ്- 28 എണ്ണം<br><br>മറ്റു വിവിധ യൂണിറ്റുകൾ- 11 എണ്ണം |
| (ബി) | ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ? | (ബി) | **ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ള ലക്ഷ്യത്തോടെ, സർക്കാർ ആരംഭിച്ച ഉത്തരവാദിത്ത** |

**ടൂറിസം പ്രവർത്തനങ്ങൾ, വിവിധ ഘട്ടങ്ങൾ കടന്ന് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വ്യാപകമായിരിക്കുന്നു. ഇന്ന് കേരള ടൂറിസത്തിന്റെ മുഖമുദ്രയായി ഉത്തരവാദിത്ത ടൂറിസം മാറിക്കഴിഞ്ഞു.**

**ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം,റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം,എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസ സിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയി 2017 ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തി വരുന്നു.**

ആർ ടി മിഷൻ നിലവിൽ ചെയ്തു വരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുക.

4. വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/ക്യുസീൻ ടൂർ, ആക്സസ സിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

5. ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.

6. സ്ത്രീകൾക്കായി സ്ത്രീകൾ നടത്തുന്ന പ്രത്യേക ടൂറിസം പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ ടൂറിസം

മേഖലയുമായി ബന്ധിപ്പിക്കുക.

**7.ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം. പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുകയും ചെയ്യുക.**

8. ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.

9. ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.

10. പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.

11. തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും, തദ്ദേശവാസികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മറ്റു സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

12.പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക. പരിശീലനങ്ങൾ തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നത്തിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന, സംരംഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ

| | | | |
|---|---|---|---|
| | | | നാനാതുറയിൽപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകി വരുന്നു. നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്ന പ്രധാനപ്പെട്ട പരിശീലനങ്ങൾ താഴെ പറയുന്നവയാണ്.<br><br>-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ടൂറിസം/ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച പരിശീലനം.<br><br>-കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്കുള്ള പരിശീലനം<br><br>- ഹോംസ്റ്റേ പരിശീലനം<br><br>- ഗൃഹസ്ഥലി പരിശീലനം<br><br>- ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾക്കുള്ള പരിശീലനം<br><br>-അഗ്രി ടൂറിസം നെറ്റ്‌വർക്ക് യൂണീറ്റുകൾക്കുള്ള പരിശീലനം<br><br>-എക്സ്പീരിയൻസ് എത്തിക് ക്യസീൻ നെറ്റ് വർക്ക് യൂണീറ്റുകൾക്കുള്ള പരിശീലനം<br><br>-വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം<br><br>-ജിയോ ടാഗ് ചെയ്ത സുവനീർ നിർമ്മാണം<br><br>-സുസ്ഥിര/ ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ടൂറിസം ഇൻഡസ്ട്രിക്ക് ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും. |

സെക്ഷൻ ഓഫീസർ